# അറിയിപ്പ്

ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങൾ പ്രമാണിച്ച് കോഴിക്കോട് നഗരത്തിൽ വാഹനതിരക്ക് അനുഭവപ്പെടുന്നതിനാൽ **ഇന്ന്** മുതൽ വാഹന നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഒരാൾ മാത്രമായി യാത്ര ചെയ്യുന്ന നാലു ചക്രവാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കാതെ നഗരത്തിന് പുറത്ത് പാർക്ക് ചെയ്യേണ്ടതാണ്. ഇത്തരം വാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നുവെങ്കിൽ പോലീസിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കും. റോഡ് സൈഡിലെ പാർക്കിംഗ് കർശനമായി നിരോധിച്ചിട്ടുള്ളതാണ്. പാർക്കിംഗ് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളൂ. മറ്റു വാഹനങ്ങൾ നോർത്ത് ബീച്ച്, കോതി ബീച്ച്, മലബാർ ക്രിസ്ത്യൻ കോളേജ് സ്കൂൾ മൈതാനം മുതലായ സ്ഥലങ്ങളിൽ പാർക്ക് ചെയ്യേണ്ടതാണ്.